**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 പ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ; | (എ) | 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, നിലവിലുണ്ടായിരുന്ന 7 നിയമങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഒരു ഓംനിബസ് നിയമമാണ്. കാലഹരണപ്പെട്ടതും ആവർത്തനസ്വഭാവമുള്ളതുമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ പ്രസ്തുത നിയമത്തിലൂടെ വരുത്തുകയുണ്ടായി.<br><br>താഴെ പറയുന്ന നിയമങ്ങളിലാണ് ഇപ്രകാരം ഭേദഗതി വരുത്തിയത്;<br><br>കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994<br><br>കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1994<br><br>കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ്, 2013<br><br>കേരള ഭൂഗർഭജല ആക്റ്റ്, 2002<br><br>കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, 1978<br><br>കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ്, 1960<br><br>കേരള സംസ്ഥാന വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ്, 1999<br><br>ഇതോടൊപ്പം 10 അനുബന്ധ ചട്ടങ്ങളും ഭേദഗതി ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ അനുമതികൾ സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, അനുമതിക്കായി നൽകുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട |

| | | | |
|---|---|---|---|
| | | | അനുബന്ധരേഖകളുടെ എണ്ണം സാരമായി കുറയ്ക്കുക, വ്യവസായ ഏകജാലക ബോർഡുകളെ ശാക്തീകരിക്കുക, അനുമതികൾ പുതുക്കിലഭ്യമാക്കുന്നതിനു സ്വയംപ്രേരിത സംവിധാനം ഒരുക്കുക എന്നീ ഉദ്ദേശങ്ങളോടുകൂടിയാണ് 2018 ലെ പ്രസ്തുത ഒംനിബസ് നിയമവും അനുബന്ധ ചട്ടങ്ങളും ഉണ്ടാക്കിയിട്ടുള്ളത്. സ്വയം സാക്ഷ്യപ്പെടുത്തൽ, തേർഡ് പാർട്ടി വെരിഫിക്കേഷൻ മുതലായ സംവിധാനങ്ങളും ടി നിയമത്തിലൂടെ അവതരിപ്പിച്ചു. |
| (ബി) | പ്രസ്തുത ആക്ട് പ്രകാരം 30 ദിവസത്തിനുള്ളിൽ ലൈസൻസുകൾ ലഭിക്കുന്നതിന് വേണ്ടി സംരംഭകരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ; | (ബി) | കേരളത്തിൽ ഒരു സംരംഭകന് വ്യവസായം ആരംഭിക്കുന്നതിനായി, വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ആവശ്യമായ ക്ലിയറൻസുകൾ സുതാര്യവും സമയബന്ധിതവുമായ രീതിയിൽ ലഭ്യമാക്കുന്നതിനായി സ്ഥാപിച്ച ഏകജാലക ഓൺലൈൻ സംവിധാനമാണ് കെ-സ്വിഫ്റ്റ് പോർട്ടൽ. ഈ പോർട്ടലിലൂടെ ഇതുവരെ വിവിധ ക്ലിയറൻസുകൾക്കായി 6529 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 5062 അപേക്ഷകൾ തീർപ്പാക്കി. 682 അപേക്ഷകളിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകർക്ക് തിരികെ നൽകിയിട്ടുണ്ട്., അപേക്ഷകർ ആവശ്യമായ ഫീസ് അടയ്ക്കാത്തതിനാൽ 521 അപേക്ഷകളിൽ പ്രോസസ്സിങ് ആരംഭിച്ചിട്ടില്ല. ബാക്കി വരുന്ന 264 അപേക്ഷകൾ വിവിധ വകുപ്പുകളിൽ പ്രോസ്സസ്സിങ്ങിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് പ്രകാരം മുൻകൂർ അനുമതി ഇല്ലാതെ ബിസിനസ് ആരംഭിച്ചിട്ടുള്ളത് എത്ര സംരംഭകർ ആയിരുന്നുവെന്ന് ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ? | (സി) | 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച "അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ്" കരസ്ഥമാക്കി അതിന്റെ അടിസ്ഥാനത്തിൽ സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. ഈവിധം കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ ഇതുവരെ നല്കിയിട്ടുള്ള എം.എസ്.എം.ഇ അക്നോളജ്മെന്റ് സർട്ടിഫിക്കറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ജില്ല | പുതുതായി ആരംഭിച്ച സംരംഭം / അനുവദിച്ച അക്നോളജ്മെന്റ് സർട്ടിഫിക്കറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4531 |
| 2 | കൊല്ലം | 4592 |
| 3 | പത്തനംതിട്ട | 1910 |
| 4 | ആലപ്പുഴ | 1913 |
| 5 | കോട്ടയം | 2307 |
| 6 | ഇടുക്കി | 1076 |
| 7 | എറണാകുളം | 6703 |
| 8 | തൃശ്ശൂർ | 6202 |
| 9 | പാലക്കാട് | 2628 |
| 10 | മലപ്പുറം | 5809 |
| 11 | കോഴിക്കോട് | 3497 |
| 12 | വയനാട് | 822 |
| 13 | കണ്ണൂർ | 2139 |
| 14 | കാസർഗോഡ് | 1439 |
| | മൊത്തം | 45,568 |

സെക്ഷൻ ഓഫീസർ